# Desabhimani

## 31 August 2018

## Thrikkakara, After Flood, Relief Kits, Daily Necessities

# ദുരിതാശ്വാസ കിറ്റുകൾ പെരുമ്പാവൂരിൽ ശേഖരിക്കും

**തൃക്കാക്കര**

പ്രളയ ദുരിത ക്യാമ്പുകളിലേക്ക് നിത്യോപയോഗ സാധനങ്ങളുടെ കിറ്റ് വിതരണം ചെയ്യുന്നതിനുള്ള സംഭരണ കേന്ദ്രം പെരുമ്പാവൂരിൽ വെള്ളിയാഴ്ച ആരംഭിക്കും. കാക്കനാട് കമ്യൂണിറ്റി ഹാൾ, കെബിപിഎസ് ബുക്ക് ഗോഡൗൺ, കലക്ടറേറ്റിലെ ബാഡ്മിന്റൺ കോർട്ട് എന്നിവിടങ്ങളിലാണ് ഇപ്പോൾ സംഭരണ കേന്ദ്രം. ഒരു ലക്ഷം കിറ്റുകൾ ഇതിനകം ദുരിതബാധിതർക്ക് വിതരണം ചെയ്തുകഴിഞ്ഞതായി കലക്ടർ കെ മുഹമ്മദ് സഫീറുള്ള പറഞ്ഞു.